പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 169

# 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 26-11-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 169

# 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

1515/2018.

# 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

## 1969-ലെ കേരള സഹകരണ സംഘ ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1969-ലെ കേരള സഹകരണ സംഘ ആക്ട് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) 2-ാം വകുപ്പും 3-ാം വകുപ്പിന്റെ (i)-ാം ഖണ്ഡവും 2018 ജൂലൈ 5-ാം തീയതിയും 3-ാം വകുപ്പിലെ (ii)-ാം ഖണ്ഡം, 2018 ഒക്ടോബർ 5-ാം തീയതിയും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1969-ലെ കേരള സഹകരണ സംഘ ആക്ടിലെ (1969-ലെ 21) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ (ഒ ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഒ ഇ) "പ്രൈമറി ടൂറിസം സഹകരണ സംഘം" എന്നാൽ അതിന്റെ പ്രവർത്തന മേഖല ഒരു താലൂക്കിൽ പരിമിതപ്പെടുത്തിയിട്ടുള്ളതും വിനോദസഞ്ചാര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംഘടിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നത് പ്രധാന ലക്ഷ്യത്തോടു കൂടിയതുമായ ഒരു സംഘം എന്ന് അർത്ഥമാകുന്നു.

എന്നാൽ, 2018 ജൂലൈ 5-ാം തീയതി നിലവിലുണ്ടായിരുന്നതും ഒന്നിലധികം താലൂക്കുകളിൽ അതിന്റെ പ്രവർത്തന മേഖല ഉണ്ടായിരുന്നതുമായ സംഘങ്ങൾ അവയുടെ അത്തരം പ്രവർത്തന മേഖല ആ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ആ സംഘത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന താലൂക്കിൽ പരിമിതപ്പെടുത്തേണ്ടതാണ്.".

3. 28-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ,—

(i) (1 ഡി) ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 ഡിഎ) ഈ ആക്റ്റിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംഘത്തിന്റെ പ്രവർത്തന പ്രദേശവും ആസ്തികളും ബാധ്യതകളും വിഭജനം നടത്താതെയുള്ള ഏതൊരു പ്രൈമറി ടൂറിസം സഹകരണ സംഘത്തിന്റെ രജിസ്ട്രേഷനും അപ്രകാരം വിഭജനം നടത്താതെയുള്ള ഏതെങ്കിലും രജിസ്ട്രേഷനെ തുടർന്നുള്ള കമ്മിറ്റിയുടെ രൂപീകരണവും അസാധുവായിരിക്കുന്നതും അങ്ങനെയുള്ള ഓരോ സംഘങ്ങൾക്ക് വേണ്ടിയും രജിസ്ട്രാർ ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കേണ്ടതുമാണ്." ;

(ii) (1 ജെ) ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 കെ) ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ബൈലായിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒന്നിലധികം റവന്യൂ ജില്ലകളിൽ അധികാര പരിധിയുള്ള മേഖലാ ക്ഷീരോല്പാദക യൂണിയനിൽ, ഓരോ റവന്യൂ ജില്ലയെയും പ്രതിനിധീകരിക്കുന്ന കമ്മിറ്റി അംഗങ്ങളെ പ്രസ്തുത റവന്യൂ ജില്ലകളിലെ അംഗ സൊസൈറ്റികൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കേണ്ടതാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2018-ലെ 46)-ഉം 2018-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2018-ലെ 51)-ഉം ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പ്രവർത്തനമേഖലയിൽ വ്യക്തതയും കൃത്യമായ ഉദ്ദേശ്യലക്ഷ്യങ്ങളും ഇല്ലാതെയാണ് പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്. ചില സഹകരണ സംഘങ്ങൾ ഒന്നിലധികം റവന്യൂ ജില്ലകളിലും സംസ്ഥാനത്തിലുടനീളവും അതിന്റെ പ്രവർത്തനമേഖലയായി രജിസ്റ്റർ ചെയ്യുന്നു. മറ്റു ചില സഹകരണ സംഘങ്ങൾ

രജിസ്റ്റർ ചെയ്തിരിക്കുന്നത് ഒരു വില്ലേജിലോ താലൂക്കിലോ അവയുടെ പ്രവർത്തനമേഖല വ്യാപിപ്പിച്ചുകൊണ്ടാണ്. അപ്പക്സ് സംഘത്തിന്റെ പ്രവർത്തന മേഖല സംസ്ഥാനം മുട്ടാകെയാണ്. ഈ അവസ്ഥ 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21)-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കും ഘടനയ്ക്കും എതിരാണ്. കൂടാതെ, അന്തർസംസ്ഥാന-ആഗോള ടൂറിസം രംഗത്ത് പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സഹകരണ മേഖലയിലൂടെ ടൂറിസം രംഗത്ത് ഇടപെടുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ആയതിനാൽ 1969-ലെ കേരള സഹകരണ സംഘ ആക്റ്റിലെ (1969-ലെ 21) 2-ാം വകുപ്പിൽ പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങൾ എന്നതിന് ഒരു നിർവ്വചനം കൂട്ടിച്ചേർത്ത് പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയും ലക്ഷ്യങ്ങളും നിശ്ചയിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

2. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് 2018 ജൂലൈ 5-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ജൂലൈ 5-ാം തീയതിയിലെ 1806-ാം നമ്പർ അസാധാരണ ഗസറ്റിൽ 2018-ലെ 38-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു ബിൽ 2018 ആഗസ്റ്റ് 30-ാം തീയതി ആരംഭിച്ച് അന്നേ ദിവസം അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് 2018 സെപ്റ്റംബർ 12-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 സെപ്റ്റംബർ 12-ാം തീയതിയിലെ 2310-ാം നമ്പർ അസാധാരണ ഗസറ്റിൽ 2018-ലെ 46-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. കേരളത്തിൽ, ക്ഷീര സഹകരണ സംഘങ്ങൾ ത്രിതല സംവിധാനമായാണ് പ്രവർത്തിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾ താഴെത്തട്ടിലും മൂന്ന് മേഖലാ സഹകരണ ക്ഷീരോത്പാദക യൂണിയനുകൾ മധ്യതലത്തിലും, ഈ മൂന്ന് മേഖലാ യൂണിയനുകൾ ചേർന്ന് രൂപീകരിക്കപ്പെട്ട അപ്പെക്സ് സൊസൈറ്റിയായ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (MILMA) സംസ്ഥാന തലത്തിലും പ്രവർത്തിക്കുന്നു.

5. മൂന്ന് മേഖലാ യൂണിയനുകളിലെയും ഗവേണിംഗ് ബോഡിയുടെ അംഗങ്ങൾ അപ്പക്സ് സഹകരണ സംഘത്തിലെ ഗവേണിംഗ് ബോഡിയിലെ അംഗങ്ങളെ

തെരഞ്ഞെടുക്കുന്നു. മേഖലാ യൂണിയനുകളിലെ വോട്ടേഴ്സ് ലിസ്റ്റുകൾ ആ മേഖലയ്ക്ക് കീഴിൽ വരുന്ന ജില്ലകളിലെ എല്ലാ അംഗ സൊസൈറ്റികളെയും ഉൾപ്പെടുത്തി തയ്യാറാക്കുന്നു. ഓരോ ജില്ലയിലെയും പ്രതിനിധികളെ അതത് ജില്ലയിലെ അംഗങ്ങൾ മാത്രമായി തെരഞ്ഞെടുക്കുകയാണെങ്കിൽ അത് കൂടുതൽ സ്വീകാര്യമാവുകയും, സമ്മതിദായകർക്ക് അവർ ആർക്കാണോ വോട്ട് ചെയ്യുന്നത് ആ സ്ഥാനാർത്ഥിയെ തിരിച്ചറിയാനും കഴിയുന്നതായിരിക്കും.

6. ഇപ്പോൾ, മേഖലാ യൂണിയനിലെ ഗവേണിംഗ് ബോഡിയിൽ വിവിധ ഇലക്ടറൽ കോളേജിൽ നിന്നും തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്തേണ്ടതും മൂന്ന് മേഖലാ യൂണിയനുകളിലും ഏകീകൃതമായ തെരഞ്ഞെടുപ്പ് രീതി നടപ്പിലാക്കേണ്ടതുമാണ്. ക്ഷീരോത്പാദക സഹകരണ മേഖലയിലെ ത്രിതല സംവിധാനത്തെ കുറിച്ച് പഠിക്കുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകളിൽ ഒന്ന് "ഓരോ ജില്ലയിലെയും പ്രതിനിധികളെ അതത് ജില്ലയിൽ തന്നെയുള്ള അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതും അപ്രകാരം അത് തികച്ചും ജനാധിപത്യപരമായി തീർക്കാവുന്നതാണ്" എന്നാണ്. പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ ഒരു ഭേദഗതി ആവശ്യമായിത്തീർന്നു.

7. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ഓർഡിനൻസ് 2018 ഒക്ടോബർ 5-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഒക്ടോബർ 5-ാം തീയതിയിലെ 2506-ാം നമ്പർ അസാധാരണ ഗസറ്റിൽ 2018-ലെ 51-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2018-ലെ 46), 2018-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ഓർഡിനൻസ് (2018-ലെ 51) എന്നിവയ്ക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കടകംപള്ളി സുരേന്ദ്രൻ.

(ശരി തർജ്ജമ)

# 1969-ലെ കേരള സഹകരണ സംഘ ആക്റ്റിൽ (1969-ലെ 21) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ഒ ഡി) "പ്രാഥമിക സഹകരണ സംഘം" എന്നാൽ, ഒരു റവന്യൂ ജില്ലയിൽ മുഴുവനായോ അല്ലെങ്കിൽ അങ്ങനെയുള്ള റവന്യൂ ജില്ലയിലെ വിനിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും പ്രദേശത്തോ അധികാരിത ഉള്ളതും, വ്യക്തി അല്ലെങ്കിൽ വ്യക്തികളും മറ്റു സഹകരണ സംഘങ്ങളും, അതിന്റെ അംഗങ്ങളായിട്ടുള്ളതും ആയ ഒരു സംഘം എന്നർത്ഥമാകുന്നു.

** ** ** **

28. കമ്മിറ്റിയെ നിയമിക്കൽ.—(1) ഒരു സംഘത്തിന്റെ ജനറൽബോഡി ഉപനിയമങ്ങൾ അനുസരിച്ച് അഞ്ച് വർഷ കാലയളവിലേയ്ക്ക് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും സംഘ കാര്യാദികളുടെ നടത്തിപ്പ് അത്തരം കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതുമാകുന്നു.

** ** ** **

(1 ഡി) ഈ ആക്റ്റിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംഘത്തിന്റെ പ്രവർത്തന പ്രദേശവും ആസ്തികളും ബാദ്ധ്യതകളും വിഭജനം നടത്താതെയുള്ള ഏതൊരു പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ രജിസ്ട്രേഷനും അത്തരത്തിൽ വിഭജനം നടത്താതെയുള്ള അങ്ങനെയുള്ള ഏതെങ്കിലും രജിസ്ട്രേഷൻ അനുസരിച്ചുള്ള കമ്മിറ്റിയുടെ രൂപീകരണവും അസാധുവായിരിക്കുന്നതും പ്രവർത്തന പ്രദേശവും ആസ്തികളും ബാദ്ധ്യതകളും വിഭജനം നടത്താതെ രജിസ്ട്രേഷൻ നടത്തിയ അങ്ങനെയുള്ള സംഘങ്ങൾ ഓരോന്നിനു വേണ്ടിയും രജിസ്ട്രാർ സ്പെഷ്യൽ ആഫീസറെ നിയമിക്കേണ്ടതുമാണ്:

** ** ** **

(1 ജെ) സംഘത്തിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്റെ ഉദ്യോഗ കാലാവധി അതിന്റെ യഥാർത്ഥ കാലാവധിയുടെ പകുതിയിൽ കുറവാണെങ്കിൽ, കമ്മിറ്റിയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗത്തിന്റെ ആകസ്മിക ഒഴിവ്, കമ്മിറ്റി, അതേ വിഭാഗം അംഗങ്ങളിൽ നിന്നും നാമനിർദ്ദേശം വഴി നികത്തേണ്ടതാണ്:

** ** ** **

---